**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4382** **18-03-2025 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം മണ്ഡലത്തിൽ കെ.എസ്.ഇ.ബി. മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈപ്പമംഗലം മണ്ഡലത്തിൽ കെ.എസ്.ഇ.ബി. മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ നിലവിലെ സ്ഥിതി, അതിനു വേണ്ടി ചെലവഴിച്ച തുക എന്നിവ സംബന്ധിച്ചുള്ള വിശദ വിവരം ലഭ്യമാക്കാമോ? | (എ) | (see below) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൈപ്പമംഗലം മണ്ഡലത്തിൽ 18 സോളാർ പ്ലാന്റുകൾ 127 kW സ്ഥാപിത ശേഷിയിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി ആകെ 51,07,805/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ 1,95,230/- രൂപ ചെലവഴിച്ച് ഏഴ് പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

കൈപ്പമംഗലം മണ്ഡലത്തിൽപ്പെടുന്ന കൈപ്പമംഗലം 33 കെ.വി സബ്സ്റ്റേഷനിൽ പുതിയ 5 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിച്ച് ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനുവേണ്ടി 19.54 ലക്ഷം രൂപ ചെലവായി.

കെ.എസ്.ഇ.ബി-യുടെ തനത് ഫണ്ടിൽ കൈപ്പമംഗലം മണ്ഡലത്തിൽ കെ.എസ്.ഇ.ബി നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | വർഷം | വർക്കുകളുടെ എണ്ണം | തുക (കോടി രൂപ) | വർക്കുകളുടെ നിലവിലെ സ്ഥിതി |
|---|---|---|---|---|
| ദ്യുതി 1 | 2021-22 | 134 | 8.47 | 100% പൂർത്തീകരിച്ചു |
| ദ്യുതി 2 | 2022-23 | 129 | 6.70 | 100% പൂർത്തീകരിച്ചു |
| ദ്യുതി 2 | 2023-24 | 112 | 7.43 | 95% പൂർത്തീകരിച്ചു |
| ദ്യുതി 2 | 2024-25 | 134 | 9.85 | പുരോഗമിച്ചു കൊണ്ടിരിക്കുന്നു |

PPS വർക്കുകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2021 മുതൽ 2025 വരെയുള്ള കാലയളവിൽ ഒടുക്കിയ 2,09,95,467/- രൂപയുടെ വർക്കുകൾ നടത്തിയിട്ടുണ്ട്. ഇവയിൽ 2024-25 സാമ്പത്തിക വർഷത്തെ 79,11,894/- രൂപയുടെ 7 വർക്കുകൾ പൂർത്തീകരിക്കാനുണ്ട്.

സെക്ഷൻ ഓഫീസർ